# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1251 20.03.2012-ൽ മറുപടിക്ക്

### <u>കാൽനടക്കാരുടെ സുരക്ഷ</u>

| <u>ചോദ്യം</u><br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ് | <u>ഉത്തരം</u><br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ റോഡുകളിൽ കാൽനടക്കാരുടെ സുരക്ഷ മുൻനിർത്തി ഫുട്ട്പാത്ത് നിർമ്മിക്കുന്ന നടപടികൾ ഊർജ്ജിതപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) നിലവിൽ ഏതെല്ലാം മേഖലകളിലാണ് ഇത്തരം പ്രവൃത്തികൾ ഇപ്പോൾ നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ ;<br><br>(സി) ഇപ്രകാരം ഫുട്ട്പാത്തുകൾ നിർമ്മിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; | (ബി) &(സി)<br>KSTP പദ്ധതിയിൽ MORTH Specification അനുസരിച്ച് ഫുട്ട്പാത്തുകൾ നിർമ്മിക്കുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിൽ സ്ഥലം ഏറ്റെടുത്ത് പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ ഐ.ആർ.സി യുടെയും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെയും സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഫുട്ട്പാത്തുകളും നിർമ്മിക്കുന്നുണ്ട്.<br>കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ വരുന്ന റോഡുകളിൽ സാധാരണ രണ്ടു മീറ്റർ വീതിയിലാണ് ഫുട്ട്പാത്തുകൾ നിർമ്മിക്കുന്നത്. കാൽനടക്കാരുടെ സുരക്ഷിതത്വത്തിനായി ഉന്നത നിലവാരത്തിലുള്ള ടൈലുകൾ പാകിയാണ് ഫുട്ട്പാത്ത് നിർമ്മിച്ചിട്ടുള്ളത്. നഗരങ്ങളിലെപ്രധാനപ്പെട്ട ജംഗ്ഷനുകളിൽ റെയിലിംഗ്, റോഡ് മുറിച്ചു കടക്കുന്നതിന് സീബ്രാലൈൻ ക്രോസിംഗ്, ട്രാഫിക് സിഗ്നൽ ലൈറ്റുകൾ തുടങ്ങിയവ സ്ഥാപിച്ചും കാൽനട യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നുണ്ട്. |

| | |
|---|---|
| (ഡി) സംസ്ഥാനത്ത് കാൽനടയാത്രക്കാർക്ക് വർദ്ധിച്ചുവരുന്ന അപകടങ്ങൾ കണക്കിലെടുത്ത് തിരക്കേറിയ റോഡുകൾ, ജംഗ്ഷനുകൾ, വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ, പൊതുസ്ഥാപനങ്ങൾ തുടങ്ങിയവയോട് ചേർന്നുള്ള റോഡുകളിൽ ഫുട്ട് പാത്തുകൾ നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ? | (ഡി) നടപടികൾ സ്വീകരിച്ചുവരുന്നു. ഫുട്ട്പാത്ത് നിർമ്മാണം ഉൾപ്പെടെയുള്ള റോഡ് സുരക്ഷ പ്രവർത്തനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന് 49.50 കോടി രൂപ റോഡ് സുരക്ഷ അതോറിറ്റി അനുവദിച്ചിട്ടുണ്ട്.<br><br>തെരുവ് കച്ചവടക്കാരുടെയും, വാഹനങ്ങളുടെയും അനധികൃതമായ കയ്യേറ്റംമൂലം കേരളത്തിലെ നഗര പ്രദേശങ്ങളിലെ കാൽനട യാത്രക്കാരുടെ നടപ്പാത പൂർണ്ണമായി നഷ്ടമാകുന്ന സാഹചര്യമാണുള്ളത്. ഇത്തരത്തിൽ നിയമ വിരുദ്ധമായി കയ്യേറ്റം ചെയ്യുന്നവർക്കെതിരെ കർശനനടപടിയെടുക്കുന്നതിനും കയ്യേറ്റം പൂർണ്ണമായി ഒഴിപ്പിക്കുന്നതിനും അവർക്കെതിരെ റോഡ് സുരക്ഷ അതോറിറ്റി ആക്ടിലെ 14,15,16,17 സെക്ഷൻ പ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും എല്ലാ ജില്ലാ റോഡ് സുരക്ഷ ചെയർമാൻമാർക്കും, സിറ്റി പോലീസ് കമ്മീഷണർമാർ, ജില്ലാ പോലീസ് സൂപ്രണ്ട്മാർ, റവന്യൂ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ എന്നിവർക്കും റോഡ് സുരക്ഷാഅതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ